പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1920 25.03.2013 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, പി. സി. വിഷ്ണുനാഥ്<br>,, ആർ. സെൽവരാജ്<br>,, ഹൈബി ഈഡൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) പൗരബോധവും, ലക്ഷ്യബോധവും, സേവന സന്നദ്ധയും സാമൂഹ്യപ്രതിബദ്ധതയും ഉള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. |
| (ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. എല്ലാ മാസവും ചേരുന്ന സംസ്ഥാന ഉപദേശക സമിതി അവലോകന യോഗത്തിൽ ഓരോ പ്രവർത്തനവും വിലയിരുത്തി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |

| | | |
|---|---|---|
| (സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ഇ) ഈ സംവിധാനം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്? | (സി) മുതൽ (ഇ) വരെ | സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് എൻ.സി.സി. കേഡറ്റുകൾക്ക് നൽകിവരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ പോലീസ്, ഫയർ & റെസ്ക്യൂ, ജയിൽ, എക്സൈസ്, മോട്ടോർ വാഹനം തുടങ്ങിയ സർവ്വീസുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിന് വെയിറ്റേജ് നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ